**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3242** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ബ്രാഞ്ചിലേക്ക് 24.09.2021-ലെ സർക്കാർ ഉത്തരവ് നം: (അച്ചടി)14/2021/പൊതുവിദ്യാഭ്യാസം (സി) വകുപ്പ് പ്രകാരം തയ്യാറാക്കി പുറപ്പെടുവിച്ചിട്ടുള്ള ഡി.പി.സി. ഹയർ ലിസ്റ്റിൽ 2021 വർഷം ഉണ്ടാകുന്ന എ.എ./എ.പി.എഫ്.ഒ/എ.ഒ. ഒഴിവുകൾ നികത്താൻ പര്യാപ്തമാകും വിധം ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | 2021 കലണ്ടർ വർഷത്തിൽ നിലവിലുണ്ടായിരുന്നതും പ്രതീക്ഷിതവുമായ ഒഴിവുകളിലേക്ക് പര്യാപ്തമാകും വിധമുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയാണ് എ.എ/ എ.ഒ./എ.പി.എഫ്.ഒ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്. ടി സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗസ്ഥക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചതിനാലും മറ്റൊരു ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാലും ടി തസ്തികയിലേക്ക് ഈ വർഷം പ്രതീക്ഷിക്കുന്ന 2 ഒഴിവുകളിൽ സ്ഥാനക്കയറ്റം നൽകുവാൻ വേണ്ട ഉദ്യോഗസ്ഥർ പ്രസ്തുത സെലക്ട് ലിസ്റ്റിൽ ഇല്ല. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സമയബന്ധിതമായി നടപ്പാക്കാൻ ജൂനിയർ സൂപ്രണ്ട് മുതൽ സീനിയർ എ.എ. വരെയുള്ളവരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) | ഉണ്ട്. ജൂനിയർ സൂപ്രണ്ടുമാരുടെ 31.12.2018 വരെയും സീനിയർ സൂപ്രണ്ടുമാരുടെ 31.12.2019 വരെയും, പിഎ ടു ഡിഇഒ മാരുടെ 30.09.2020 വരെയും എഎ/എഒ/എപിഎഫ്ഒ-മാരുടെ 30.09.2019 വരെയും, സീനിയർ എഎ-മാരുടെ 31.12.2020 വരെയുമുള്ള സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ